# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി. ആർ. **65/2026**

തിരുവനന്തപുരം, തീയതി: **26/03/2026**

## പത്രക്കുറിപ്പ്

## ടൈംടേബിൾ

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് 2025 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബിടെക് (2020 സ്കീം – റെഗുലർ - 2024 അഡ്മിഷൻ, സപ്ലിമെന്ററി – 2020, 2021, 2022 & 2023 അഡ്മിഷൻ) 2026 മാർച്ച് 23 മുതൽ 31 വരെ ക്രമീകരിച്ചിരുന്ന കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി ബ്രാഞ്ചുകളുടെ പുനക്രമീകരിച്ച പ്രാക്ടിക്കൽ പരീക്ഷ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2026 ഏപ്രിലിൽ നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ എംബിഎ ഫുൾടൈം/ട്രാവൽ ആന്റ് ടൂറിസം (2024 സ്കീം - റെഗുലർ & സപ്ലിമെന്ററി/2020 സ്കീം – സപ്ലിമെന്ററി)/ഡിസാസ്റ്റർ മാനേജ്മെന്റ്(2023 സ്കീം - റെഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

## അപേക്ഷ തീയതി നീട്ടിയിരിക്കുന്നു

കേരളസർവകലാശാല മനഃശാസ്ത്ര വിഭാഗം നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ സൈക്കോളജിക്കൽ കൗൺസിലിങ് കോഴ്സിലേക്ക് പ്രവേശനത്തിനുള്ള അപേക്ഷ സ്വീകരിക്കുന്നത് 2026 ഏപ്രിൽ 15 വരെ നീട്ടിയിരിക്കുന്നു. കേരളസർവകലാശാല അംഗീകരിച്ച മനഃശാസ്ത്ര ബിരുദമാണ് യോഗ്യത. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 8075019568, 8547281985. വിശദവിവരങ്ങളും അപേക്ഷാഫോമും വെബ്സൈറ്റിൽ.

## പെൻഷൻ/ഫാമിലി പെൻഷൻ - 2026-2027 വർഷത്തെ മസ്റ്ററിംഗ്

കേരളസർവകലാശാലയിൽ നിന്നും പെൻഷൻ/ഫാമിലി പെൻഷൻ കൈപ്പറ്റുന്നവർക്കായുള്ള 2026-2027 വർഷത്തെ മസ്റ്ററിംഗ് ഏപ്രിൽ 1 മുതൽ മെയ് 15 വരെയാണ്. ഇതിനായി പെൻഷൻകാർക്ക് ജീവൻപ്രമാൺ പോർട്ടൽ വഴി ഓൺലൈനായോ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ലൈഫ് സർട്ടിഫിക്കറ്റ് (അസ്സൽ മേൽവിലാസവും ഫോൺ നമ്പരും സഹിതം) ഫിനാൻസ് ഓഫീസർ. കേരളസർവകലാശാല, പാളയം, തിരുവനന്തപുരം-34 എന്ന വിലാസത്തിൽ തപാൽ മാർഗ്ഗം അയച്ചോ, നേരിട്ട് ഹാജരായോ മസ്റ്റർ ചെയ്യാവുന്നതാണ്.

ജീവൻപ്രമാൺ പോർട്ടൽ വഴി പെൻഷൻകാർക്ക് PPO No., ആധാർ നമ്പർ, മൊബൈൽ ഫോൺ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ എന്നീ രേഖകളോടെ

പോസ്റ്റ് ഓഫീസ്, അക്ഷയ ജനസേവന കേന്ദ്രങ്ങളിൽ നിന്നും ഓൺലൈനായി മസ്റ്റർ ചെയ്യാവുന്നതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**